## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4762 27/06/2014-ൽ മറുപടിയ്ക്ക്

### പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം
ശ്രീ.കെ.വി. വിജയദാസ്

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) കൃഷിവുകപ്പ് മുഖേന പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | എ) കൃഷി വകുപ്പ് മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2011-12 ലെ പൂൾഡ് ഫണ്ട് ഉപയോഗിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഹോർട്ടികൾച്ചർ നഴ്സറി തുടങ്ങുന്നതിന് ഒരു വ്യക്തിക്ക് സീഡ് മണി ഇനത്തിൽ 50,000/- രൂപയും, ജലസേചന ഇനത്തിൽ 20,000/- രൂപയും മൊത്തം 70,000/- രൂപ പ്രകാരം 20 വ്യക്തികൾക്കായി 15,00,000/- രൂപ അനുവദിച്ചിരുന്നു. അട്ടപ്പാടി ബ്ലോക്കിലെ 18 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് കൃഷി വകുപ്പിന്റെ മലമ്പുഴയിലെ പരിശീലന കേന്ദ്രം മുഖേന നഴ്സറി തുടങ്ങുന്നതിന് പരിശീലനം നൽകിയ വകയിൽ 1,00,000/- രൂപയും അഗളി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന ടി ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകുന്നതിന് 12,60,000/- രൂപയും നൽകിയിരുന്നു.<br><br>പട്ടിക ജാതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയ്ക്ക് 2011-12 സാമ്പത്തിക വർഷത്തിൽ നെടുമങ്ങാട് ബ്ലോക്കിലെ 50 പട്ടികജാതി കുടുംബങ്ങൾക്ക് ഫലവൃക്ഷതൈകൾ (മാവ്, പ്ലാവ്, പപ്പായ, മുരിങ്ങ, മധുരചീര) വിതരണം ചെയ്യുന്നതിനായി 25,000/- രൂപയുടെ പദ്ധതിയ്ക്ക് അനുമതി ലഭിച്ചിരുന്നു. മേൽപ്പറഞ്ഞ പദ്ധതി നെടുമങ്ങാട് ബ്ലോക്കിലെ മാഞ്ചൻകോട് പട്ടികജാതി കോളനികളിലെ 50 കുടുംബങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. |

കൂടാതെ പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും 2012-13 വർഷത്തിൽ ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ കുണ്ടള മുതുവാൻകുടി ട്രൈബൽ സെറ്റിൽമെന്റിൽ ശീതകാല പച്ചക്കറി, പഴ കൃഷി, പോളീഹൗസ് കൃഷിയും അവയുടെ പരിശീലനവും നടപ്പിലാക്കുന്നതിന് 9 ലക്ഷം രൂപയും, ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തി ലെ ചിന്നക്കനാൽ ട്രൈബൽ സെറ്റിൽമെന്റിൽ കാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശീതകാല പച്ചക്കറി, പഴ കൃഷി, പോളീഹൗസ് കൃഷിയും അവയുടെ പരിശീലനവും നടപ്പിലാക്കുന്നതിന് 21.41 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗ ങ്ങൾക്കായി പ്രത്യേകിച്ച് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ ആദിവാസികളുടെ ഉന്നമനത്തിനായി അട്ടപ്പാടിയിലും പത്തനംതിട്ട ജില്ലയിലെ റാന്നിയിലുമായി, സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധന സഹായത്തോടെ 185.5 ലക്ഷം രൂപയുടെ താഴെപ്പറയുന്ന വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് :

1. ആദിവാസികളുടെ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം
2. കാർഷിക പരിശീലന പരിപാടികൾ
3. വാഴ, പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക
4. ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കളക്ഷൻ സെന്ററുകളുടെ രൂപീകരണം
5. ഉല്പന്നങ്ങളുടെ വിലയിടിയുന്ന അവസര ങ്ങളിൽ ദൂരെയുള്ള മാർക്കറ്റുകളിലേയ്ക്ക് ഉല്പന്നങ്ങൾ കൊണ്ടുപോകുവാനുള്ള വാഹന സൗകര്യം, ഫെയർ പ്രൈസ്സപ്പോർട്ട് എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2011-12 ലെ പൂൾഡ് ഫണ്ട് ഉപയോഗിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഹോർട്ടികൾച്ചർ നഴ്സറി തുടങ്ങുന്ന പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ ആരും ഗുണഭോക്താക്കളായി ഇല്ലായിരുന്നു. പൊതു പദ്ധതിയിൽ ഉൾപ്പെടുത്തി ടി മണ്ഡലത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നെല്ല്, പച്ചക്കറി തുടങ്ങിയ പദ്ധതികൾക്ക് സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്.<br>കോങ്ങാട് മണ്ഡലത്തിൽ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവർ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത വിഭാഗങ്ങൾക്കായി കോങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദ വിവരം നൽകുമോ? | സി) | (see table below) |

| 2013-14 | പട്ടികജാതി വിഭാഗത്തിന് തുക ചിലവഴിച്ചത് | പട്ടികവർഗ്ഗ വിഭാഗത്തിന് തുക ചിലവഴിച്ചത് |
|---|---|---|
| നെല്ല് ഉത്പാദന പദ്ധതി | 6,42,508 | |
| പച്ചക്കറി വികസന പദ്ധതി | 27,000 | |
| സുഗന്ധവിള കൃഷി | 9,100 | 9000 |
| തെങ്ങ് കൃഷി | 38,520 | |
| വാഴകൃഷി | 37,500 | 18,375 |
| | **7,54,628** | **27375** |

സെക്ഷൻ ഓഫീസർ